**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1856** | **02-02-2024 - ൽ മറുപടിയ്ക്ക്**

**വിവിധ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ വകുപ്പിന് കീഴിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി എത്ര തുക കുടിശ്ശിക ലഭിക്കാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും കുടിശ്ശിക ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ; യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം തുക അനുവദിച്ച് നൽകാത്ത എത്ര പദ്ധതികൾ ഉണ്ട്; ഏതൊക്കെ പദ്ധതികളാണ്; ഓരോന്നിലും ലഭിക്കാനുള്ള തുക എത്രയാണ്; വ്യക്തമാക്കുമോ? | (എ) | 2022-23 ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേയുടെ ശമ്പള ഘടകത്തിൽ 89.64 ലക്ഷം രൂപയുടെ കുടിശ്ശിക ഉണ്ട്.<br><br>2019ൽ നടന്ന ലൈവ്സ്റ്റോക്ക് സെൻസസിന്റെ ഹോണറേറിയം, കണ്ടിജൻസി എന്നീ ഘടകങ്ങളിൽ 125.19 ലക്ഷം രൂപ കുടിശ്ശിക ഉണ്ട്.<br><br>എന്നാൽ 2023-24 പദ്ധതികളിലെ ((LH & DC - MVU, ASCAD, Integrated Sample Survey, Livestock Census) അംഗീകരിച്ച തുകയുടെ 25% ആദ്യ ഗഡുവായി ലഭ്യമായിട്ടുണ്ട്. ഈ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം നൽകിയാൽ മാത്രമാണ് തുടർന്നുള്ള ഗഡുക്കൾ ലഭ്യമാകുന്നത്. വിവിധ പദ്ധതികളുടെ ധനവിനിയോഗം വിവിധ ഘട്ടങ്ങളിലാണ്.<br><br>NLM- Livestock Insurance 2023-24 പദ്ധതിക്ക് ഫണ്ട് ലഭിച്ചിട്ടില്ല<br><br>2022-23 ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേയുടെ ശമ്പള ഘടകത്തിൽ മൂന്ന് ഗഡുക്കളിൽ രണ്ടെണ്ണം മാത്രമാണ് ലഭിച്ചത്. ആയതിനു കാരണങ്ങൾ വ്യക്തമാക്കിയിട്ടില്ല.<br><br>2019ൽ നടന്ന ലൈവ്സ്റ്റോക്ക് സെൻസസിന്റെ ഹോണറേറിയം, കണ്ടിജൻസി എന്നീ ഘടകങ്ങളിൽ നിലവിൽ ലഭ്യമായ 37.5ലക്ഷം രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുവാനുണ്ട് .<br><br>ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടും കേന്ദ്രം തുക അനുവദിക്കാത്ത ഒരു പദ്ധതി മാത്രമാണുള്ളത് (2022-23 ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ - salary component))<br><br>NLM 2023-24 ൽ 57.3167 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ |

| | | | |
|---|---|---|---|
| | | | അംഗീകാരം ലഭ്യമായിട്ടില്ല. NLM മുൻ വർഷങ്ങളിലെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ